**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1590** **14-12-2012 - ലെ മറുപടിയ്ക്ക്**

# കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. എഫ്. തോമസ്<br>„ തോമസ് ഉണ്ണിയാടൻ<br>„ റ്റി.യു.കുരുവിള | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ വിവിധ കാർഷിക വിളകളുടെ അഭിവൃദ്ധിക്കായി കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചട്ടുള്ള കുട്ടനാട് പാക്കേജ്, ഇടുക്കി പാക്കേജ്, വയനാട് പാക്കേജ് എന്നിവയുടെ ഇപ്പോഴത്തെ സ്ഥിതി എന്തെന്ന് വ്യക്തമാക്കുമോ; | (എ) കുട്ടനാട് പാക്കേജ്, ഇടുക്കി പാക്കേജ് എന്നിവയുടെ ഇപ്പോഴത്തെ സ്ഥിതി വെളിപ്പെടുത്തുന്ന റിപ്പോർട്ടുകൾ അനുബന്ധം (1) & (2) ആയി ഉൾക്കൊള്ളിക്കുന്നു.<br>വയനാട് ജില്ലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പദ്ധതിയാണ് വയനാട് പാക്കേജ്. കുരുമുളക് കൃഷി പുനരുജ്ജീവനം പച്ചക്കറി കൃഷി വ്യാപനം (J.L.G) ഗ്രൂപ്പുകൾക്കുള്ള സഹായം എന്നിങ്ങനെ വിവിധ തരത്തിലുള്ള പദ്ധതികൾ വിജയകരമായി ഇപ്പോൾ നടപ്പിലാക്കി വരുന്നു. വയനാട് പാക്കേജ് പദ്ധതിക്കായി കേന്ദ്ര സർക്കാരിൽ നിന്നും സഹായമൊന്നും ലഭിക്കുന്നില്ല. |
| (ബി) കർഷകർക്ക് പൂർണ്ണമായും ഗുണം ലഭിക്കത്തക്ക നിലയിൽ പ്രസ്തുത പദ്ധതികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;<br><br>(സി) പ്രസ്തുത പദ്ധതികളിലൂടെ ലഭിക്കുന്ന കേന്ദ്ര ഫണ്ട് ലാപ്സ് ആകാതെ സമയപരിധിക്കുള്ളിൽ ചെലവഴിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) & (സി) കർഷകർക്ക് പൂർണ്ണമായും ഗുണം ലഭിക്കത്തക്ക നിലയിൽ കുട്ടനാട് ഇടുക്കി പാക്കേജുകൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബഹു. മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി, കർഷകോൽപാദന കമ്മീഷണർ അദ്ധ്യക്ഷൻമാരായി യോഗം കൂടി പദ്ധതി അവലോകനം നടത്തുകയും, പദ്ധതി നിർവ്വഹണത്തിലേയ്ക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കൃഷി മന്ത്രിയുടെ അദ്ധ്യക്ഷതയിലും സെക്രട്ടറി തലത്തിലും വകുപ്പു തലവൻമാർ തലത്തിലും യോഗങ്ങൾ കൂടി പദ്ധതി അവലോകനം നടത്തി പദ്ധതികൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകുന്നു. കുട്ടനാട് പാക്കേജിൻ കീഴിൽ ജലസേചന വകുപ്പിനു കീഴിലുള്ള പദ്ധതികളാണ് അടിയന്തിരമായി |

പൂർത്തീകരിക്കേണ്ടത്. 14-11-12 ന് കൂടിയ പ്രോസ്പിരിറ്റി യോഗത്തിൽ കുട്ടനാട് പാക്കേജിൽ ഉൾപ്പെട്ട പ്രധാന പദ്ധതികളായ തണ്ണീർമുക്കം ബണ്ട്, തോട്ടപ്പള്ളി സ്പിൽവേ, ഏ.സി.കനാൽ നവീകരണം, പുറംബണ്ട് സംരക്ഷണം എന്നീ പ്രവൃത്തികൾ സമയബന്ധിതമായും മുൻഗണന നൽകിയും നടപ്പിലാക്കാൻ ജലസേചന വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. തണ്ണീർമുക്കം ബണ്ടിന്റെയും തോട്ടപ്പള്ളി സ്പിൽവേയുടെയും ഡി.പി.ആറിന് അംഗീകാരം ലഭ്യമാക്കുക. ഏ.സി.കനാൽ (ഒന്നാം ഘട്ടം) 13-ാം ധനകാര്യ കമ്മിഷന്റെ കീഴിൽ അംഗീകാരം ലഭിച്ച മുറയ്ക്ക് ഒരു വർഷത്തിനകം പൂർത്തിയാക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. പുറം ബണ്ട് സംരക്ഷണത്തിനായുള്ള പദ്ധതി സമയബന്ധിതമായി തീർക്കാൻ പാടശേഖരങ്ങളുമായി ചർച്ച ചെയ്ത് പൈൽ & സ്ലാബ് നിർമ്മാണം ഒതുക്കി ഡി.പി.ആർ തുക കുറയ്ക്കാനും ജലസേചന വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കുട്ടനാട് പാക്കേജിൻ കീഴിൽ 13-ാം ധനകാര്യ കമ്മിഷനിൽ ഉൾപ്പെടുത്തി 18 പദ്ധതികൾക്കായി 198.56 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി.

ഇടുക്കി പാക്കേജിന്റെ പ്രധാന പദ്ധതികളായ മണ്ണ് സംരക്ഷണ പദ്ധതി, ഗ്രാമീണ ഗതാഗതം എന്നിവ ആരംഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മറ്റ് വകുപ്പുകൾ വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾ പുരോഗമിച്ചു വരുന്നു. റോഡുകളുടെ ടെൻഡർ നടപടികൾ പുരോഗമിച്ചു വരുന്നു. ഇടുക്കി പാക്കേജിനു കീഴിൽ 13-09-12 ന് കൂടിയ മുൻ എംപവേർഡ് കമ്മിറ്റിയുടെ തീരുമാനത്തിനനുസൃതമായി 9 പദ്ധതികൾക്കായുള്ള പുതുക്കിയ പ്രൊപ്പോസൽ സെക്രട്ടറി (ADF) ന്റെ അദ്ധ്യക്ഷതയിൽ 14-10-12 ന് കൂടിയ എംപവേർഡ് കമ്മിറ്റി യോഗത്തിൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്